'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പയുടെ പലിശ 2 ഗഡുക്കളായി നൽകുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ ഒന്നാം ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.124/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/10/2019

പരാമർശം:- 1. 31/03/2018ലെ സ.ഉ(സാധാ)നം.936/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2. 13/11/2018ലെ സ.ഉ(കൈ)നം.167/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
3. 31/01/2019ലെ സ.ഉ(കൈ)നം. 11/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
4. 06.09.2019ലെ സ.ഉ (സാധാ) നം. 7216/2019/ധന നമ്പർ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 24/08/2019ലെ ജെ2-22753/18 നമ്പർ കത്ത്.
6. നഗരകാര്യ ഡയറക്ടറുടെ 29/06/2019ലെ ഡിസി4-12601/19 നമ്പർ കത്ത്.
7. ഗ്രാമവികസന കമ്മീഷണറുടെ 20/07/2019ലെ 23688/എച്ച് & ടി1/13/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ പാവപ്പെട്ട ഭവന രഹിതർക്ക് വീടും, ഭൂരഹിത ഭവന രഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിച്ചിരുന്നു. ഇ.എം.എസ് ഭവന വായ്പാ പദ്ധതിക്കായി മുതൽ സംഖ്യ 10 തുല്യ ഗഡുക്കളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പലിശ സർക്കാരും അടച്ച് തീർക്കണമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം വായ്പ അനുവദിച്ചത്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലാ സഹകരണ ബാങ്കുകൾക്ക് സർക്കാർ അനുവദിക്കാനുണ്ടായിരുന്ന പലിശയിലേക്ക് ആനുപാതികമായി തുക അനുവദിക്കുന്നതിനായി പരാമർശം (2)(3) എന്നീ ഉത്തരവുകൾ പ്രകാരം 18 കോടി രൂപ അനുവദിക്കുകയുണ്ടായി.

2. തുടർന്ന് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വായ്പ അനുവദിച്ച വകയിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള പലിശ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 07/05/2019ൽ ചേർന്ന ഹൈലെവൽ മീറ്റിംഗിന്റെ നടപടിക്കുറിപ്പുകളിലെ 3, 4 എന്നീ തീരുമാനങ്ങൾ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതു പ്രകാരം വിവിധ സഹകരണ ബാങ്കുകൾക്ക് ബാക്കി ആവശ്യമുള്ള പലിശ ഇനത്തിലെ തുക സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും പരാമർശം (5),(6),(7) പ്രകാരം താഴെപ്പറയുന്ന പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

3. 31/03/2019 വരെക്കാലയളവിലേക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുന്നതിനായി 97,59,17,723/- (തൊണ്ണൂറ്റി ഏഴ് കോടി അൻപത്തി ഒൻപത് ലക്ഷത്തി പതിനേഴായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ബാക്കിയുണ്ടെന്നും ആയത് അനുവദിക്കണമെന്നുമാണ് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളത്.

4. വിവിധ നഗരസഭകൾക്ക് ഇഎംഎസ് ഭവന പദ്ധതി പ്രകാരം വായ്പ അനുവദിച്ചതിന് 24/06/2019വരെ 11,14,84,072.27 രൂപ നൽകവാൻ ബാക്കിയുള്ളതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും ഇഎംഎസ് ഭവന പദ്ധതി പ്രകാരം വായ്പ അനുവദിച്ചതിന് 31/03/2019വരെ 18,89,97,454/- രൂപ നൽകവാൻ ബാക്കിയുള്ളതായി ഗ്രാമവികസന കമ്മീഷണറും അറിയിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കിൽ നിന്നുമെടുത്ത വായ്പയുടെ പലിശ 2 ഗഡുക്കളായി നൽകുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ ഒന്നാം ഗഡുവായി പരാമർശം (4) പ്രകാരം അധിക ധനാനുമതിയിലൂടെ "2216-80-800-89 -ഇ.എം.എസ് ഭവന പദ്ധതി - സഹകരണ ബാങ്കുകളിൽ നിന്നും വാണിജ്യ ബാങ്കുകളിൽ (എൻ.പി) നിന്നും ലഭിക്കുന്ന വായ്പകളുടെ പലിശ ബാധ്യത ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം" എന്ന ശീർഷകത്തിൽ അനുവദിച്ച 58,24,58,000/(അൻപതെട്ടുകോടി ഇരുപത്തിനാല്പ ലക്ഷത്തി അൻപത്തെണ്ണായിരം ) -രൂപയിൽ, സഹകരണ ബാങ്കുകൾക്ക് ആനുപാതികമായി കുടിശ്ശിക പലിശയിനത്തിൽ വിതരണം ചെയ്യുന്നതിനായി 45,24,58,000/-നാല്പത്തഞ്ചു കോടി ഇരുപത്തിനാല്പ ലക്ഷത്തി അൻപത്തെണ്ണായിരം ) രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊണ്ടും, ടി തുക മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും, 5 കോടി (അഞ്ചുകോടി ) രൂപ നഗരസഭകൾക്ക് അനുവദിച്ചുകൊണ്ടും, ടി തുക മാറി നൽകുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും, 4 കോടി (നാലുകോടി )രൂപ വീതം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും അനുവദിച്ചുകൊണ്ടും, ടി തുക മാറി നൽകുന്നതിനുള്ള ചുമതല ഗ്രാമ വികസന കമ്മീഷണർക്ക് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

7. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം തീരുന്നതിനു മുമ്പ് ധനപുനർ വിനിയോഗം /ഉപധനാഭ്യർത്ഥന മുഖേന ക്രമീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം രണ്ടാം ഗഡു (അവസാന ഗഡു) അനുവദിക്കുന്നതിലേക്കായി ബാക്കി അനുവദിയ്ക്കേണ്ട പലിശ തുകയുടെ കൃത്യമായ വിശദ വിവരങ്ങൾ സഹിതം പ്രപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസനകമ്മീഷണർ, തിരുവനനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനനന്തപുരം

എല്ലാ സഹകരണ ബാങ്ക് അധികാരികൾക്കും, (സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

സഹകരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യവകുപ്പിന്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ ക്ക്